# തൃശൂർ പുഷ്പോത്സവം ഇന്നുമുതൽ

Deshabhimani 20.01.18

തൃശൂർ > അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 40ാമത് തൃശൂർ പുഷ്പോത്സവം ശനിയാഴ്ച മുതൽ 28 വരെ വടക്കുന്നാഥ ക്ഷേത്ര മൈതാനത്ത് നടക്കും. ശനിയാഴ്ച രാത്രി എട്ടിന് മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. മേയർ അജിത ജയരാജൻ അധ്യക്ഷയാവും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് മുഖ്യപ്രഭാഷണം നടത്തും.

രാവിലെ ഒമ്പതിന് പ്രൊഫഷണൽ ഫ്ളവർ ഡെക്കറേഷൻ മത്സരം നടക്കും. 9.30ന് കേരള കാർഷിക സർവകലാശാലാ വിജ്ഞാന വ്യാപന ഡയറക്ടറേറ്റിൽ മുഖാമുഖവും കാർഷിക ക്ലിനിക്കും ഉണ്ടാവും. 11ന് കള്ളിച്ചെടികൾ, ഡ്രിഫ്റ്റ്വുഡ്, പുഷ്പാലങ്കാരം എന്നീ മത്സരങ്ങളും നടക്കും.

ഞായറാഴ്ച രാവിലെ 10 മുതൽ ഒന്നുവരെ പാട്ടുരായ്ക്കൽ ദേവമാത സ്കൂളിൽ കുട്ടികളുടെ ചിത്രരചനാമത്സരവും വൈകിട്ട് അഞ്ചിന് കരോക്കെ ഗാനാലാപന മത്സരവും നടക്കും. 22ന് വൈകിട്ട് അഞ്ചിന് ക്ലാസിക്കൽ ഡാൻസ് മത്സരവും 23ന് പകൽ രണ്ടു മുതൽ നാലുവരെ വെജിറ്റബിൾ കാർവിങ് മത്സരവും വൈകിട്ട് ആറിന് സിനിമാറ്റിക് ഡാൻസ് മത്സരവും ഉണ്ടാവും. 24ന് പകൽ 11ന് കാർഷിക ഉൽപ്പന്നങ്ങൾ, പച്ചക്കറിച്ചെടികൾ, ബോൺസായ് എന്നിവയുടെ മത്സരവും വൈകിട്ട് ആറിന് മ്യൂസിക് ബാൻഡും ഉണ്ടാകും. 25ന് വൈകിട്ട് നാലിന് പെറ്റ്ഷോയും ആറിന് സ്റ്റുഡന്റ്സ് പ്രോഗ്രാമും നടക്കും. 26ന് വൈകിട്ട് നാലുമുതൽ അഞ്ചുവരെ വെജിറ്റബിൾ അച്ചാർ നിർമാണ മത്സരവും ആറിന് മിമിക്സ് പരേഡും ഉണ്ടാവും. 27ന് രാവിലെ 10ന് ഏഴിനും പത്തിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ പുഷ്പരാജൻ, പുഷ്പറാണി മത്സരവും വൈകിട്ട് അഞ്ചിന് 15നും 20നും ഇടയിൽ പ്രായമുള്ള യുവതികളുടെ മലയാളിമങ്ക മത്സരവുമുണ്ടാവും.

28ന് വൈകിട്ട് അഞ്ചിന് സമാപന സമ്മേളനവും സമ്മാനദാനവും നടക്കും. കൊച്ചിൻ ദേവസ്വംബോർഡ് പ്രസിഡന്റ് ഡോ. എം കെ സുദർശനൻ ഉദ്ഘാടനം ചെയ്യും.